● ചർച്ച / പ്രതികരണം

# നല്ല സംഗതികളിൽ സന്തോഷിക്കുക

**ആനന്ദ്**

**ഒരു പക്ഷെ,** ഇതാദ്യമായിട്ടായിരിക്കാം നല്ലൊരു കാര്യം സംഭവിക്കുമ്പോൾ, ഇതെന്തുകൊണ്ട് സംഭവിക്കുന്നു എന്നതിന്റെ പേരിൽ ഒരു അന്വേഷണം നടക്കുന്നത്! തെറ്റായ സംഗതികൾ നടക്കുമ്പോൾ നിരത്തിവെയ്ക്കാറുള്ള കാരണങ്ങൾ തന്നെ ഇവിടേയും ചർച്ചയ്ക്കുള്ള നോട്ടിൻ പരാമർശിക്കപ്പെടുന്നതായി കാണുന്നു - ആഗോളീകരണം, തെറ്റായ വികസനനയം തുടങ്ങിയവ. അവയ്ക്കെതിരെയുള്ള പ്രതിഷേധമാണ് ചൂണ്ടിക്കാണിക്കപ്പെടുന്നത് എന്നവ്യത്യാസം. സാന്ത്വന ചികിത്സയുടെ വിജയത്തിനുള്ള കാരണങ്ങൾ തേടി അങ്ങോട്ടൊക്കെ പോകേണ്ടതുണ്ടെന്ന് എനിക്ക് തോന്നുന്നില്ല. ക്രിസ്ത്യൻ വാല്യൂസ് എന്ന് വിശേഷിപ്പിക്കപ്പെടുന്ന ചിലതിന്റെ - വിശേഷിച്ചും ആതുരസേവയുടെ - ഒരു പാരമ്പര്യം കേരളത്തിന് കുറേക്കാലമായുണ്ട്. അതിന്റെ പ്രഭാവത്തിൽ സാമൂഹ്യസേവനം ഔദാര്യമെന്നതിന് പകരം ഒരു സാധാരണ മാനുഷിക പ്രക്രിയയായി മനസ്സിലാക്കപ്പെടുകയും ചെയ്തുപോന്നിട്ടുണ്ട്. ദിശാബോധം നൽകുവാൻ കുറച്ച് വ്യക്തികളും സംഘങ്ങളും പ്രത്യക്ഷപ്പെട്ടപ്പോൾ ഉറങ്ങിക്കിടന്നിരുന്ന ചില മാനുഷിക ചോദനങ്ങൾ ഉണർന്നുവന്നു എന്നേ ഞാൻ കരുതുന്നുള്ളൂ. പത്രങ്ങളും ടി.വി. ചാനലുകളും അടുത്ത കാലത്ത് ധാരാളമായി പുറത്തുകൊണ്ടുവരുവാൻ തുടങ്ങിയിട്ടുള്ള human interest stories തീർച്ചയായും സഹായകമായിക്കാണും. ആസ്പത്രി സംസ്കാരത്തിന്റെ വികസനം, ആസ്പത്രി സന്ദർശനം സാധാരണമായിത്തീരൽ, ഇതൊക്കെ രോഗങ്ങളും വേദനകളും അടുത്തു കാണുവാനുള്ള സന്ദർഭങ്ങളും മനുഷ്യർക്ക് ഒരുക്കി. എല്ലാ കാര്യങ്ങളിലും രാഷ്ട്രീയവും സാമ്പത്തികവുമായ പിന്നാമ്പുറ പ്രേരണകൾ തേടിപ്പോകുകയും, പ്രഖ്യാപിത രീതി ശാസ്ത്രങ്ങളെ പിന്തുടരുകയും വേണമെന്നില്ല. പ്രതികൂലമായ നൂറു സാഹചര്യങ്ങളേയും, പരക്കുന്ന സിനിക്കൽ മനോഭാവത്തേയും അതിവർത്തിച്ച്, മനഷ്യത്വം അവിടേയുമിവിടേയുമൊക്കെ തലപൊക്കുന്നുണ്ടെങ്കിൽ അതിന്റെ ക്രെഡിറ്റ് അതിനുതന്നെ കൊടുക്കുക. വല്ലപ്പോഴുമൊക്കെ ഉണ്ടാകുന്ന ഈ സംഗതികളിൽ സന്തോഷിക്കുക!

(ചിന്തകൻ / എഴുത്തുകാരൻ
റിട്ട. പ്ലാനിങ്ങ് ഡയറക്ടർ, സി.ഡബ്ല്യൂ.സി.)

---

● ചർച്ച / പ്രതികരണം

# തകരുന്ന ആരോഗ്യരംഗം

**കളം രാജൻ**

**സമൂഹത്തിലെ** എല്ലാ വിഭാഗം ജനങ്ങൾക്കും ആരോഗ്യകരമായ ഒരു ജീവിതം സാദ്ധ്യമാക്കുന്നതാണ് വികസനം; ഇതുതന്നെയാണു ഏറ്റവും പരിഗണന അർഹിക്കുന്നതും. ഈ പ്രശ്നം സാമൂഹ്യ-രാഷ്ട്രീയ ഇടപെടലുകൊണ്ടേ പരിഹരിക്കാനാവൂ എന്ന തിരിച്ചറിവ് കേരളത്തിലെ രാഷ്ട്രീയ ഭരണ നേതൃത്വങ്ങൾക്കും സാമൂഹ്യ പ്രസ്ഥാനങ്ങൾക്കും ഇല്ലെന്നതാണ് അനുഭവങ്ങളുടെ അടിസ്ഥാനത്തിൽ മനസ്സിലാവുന്നത്. ചികിത്സാ സേവന സ്ഥാപനങ്ങളുടെ വർദ്ധനവ് കൊണ്ടോ വിദഗ്ദ്ധന്മാരുടെ എണ്ണം കൂടുതൽ കൊണ്ടോ ഇവയൊക്കെ സ്വീകരിക്കാനുള്ള ധനശേഷി വർദ്ധിപ്പിച്ചതുകൊണ്ടോ പരിഹരിക്കാവുന്ന ഒരു പ്രശ്നമല്ലിത്. ആരോഗ്യ സംരക്ഷണ കാര്യത്തിൽ വ്യക്തിയുടേയും സമൂഹത്തിന്റെയും പരിസരത്തിന്റേയും പങ്ക് ഇല്ലാതാവുകയും വൈദ്യവ്യവസായ വിധേയത്വം കൂട്ടുകയും ചെയ്യുന്ന ഒരു സാമൂഹ്യ പശ്ചാത്തലം അറിഞ്ഞോ അറിയാതെയോ ഉണ്ടാക്കിയെടുത്തിട്ടുണ്ട്.

ആരോഗ്യം തകർക്കുന്ന ഒരു വികസന സംസ്കാരം കേരളത്തിലെ ഗ്രാമങ്ങളേയും നഗരങ്ങളേയുമെല്ലാം ഒന്നടങ്കം വിഴുങ്ങികൊണ്ടിരിക്കുന്നു. വായുവും വെള്ളവും ഭക്ഷണവും മാരകമായി വിഷലിപ്തമായികൊണ്ടിരിക്കുന്നു. പാരിസ്ഥിതിക ആരോഗ്യം തകരുന്നു. മികച്ച ആരോഗ്യ സൂചകങ്ങളുടെ നാട് പകർച്ച വ്യാധികൾ തടയാനാവാതെ ഇന്ത്യയിലെ ഏറ്റവും വൃത്തികെട്ട സംസ്ഥാനമായി തകർന്നുവീഴുന്നു. (ഇന്ത്യയിലെ ഏറ്റവും കൂടുതൽ ഡിങ്കി മരണം കേരളത്തിലായിരുന്നു) രോഗാതുരത കൂടുന്നു. ചികിത്സാ വ്യവസായം കൊഴുക്കുന്നു. ഇതിനപ്പുറം സാന്ത്വന ചികിത്സ ആവശ്യമായിവരുന്നു.

സാന്ത്വന ചികിത്സ ആവശ്യമായ ഒരു വലിയ വിഭാഗത്തിനു ഈ സേവനം വിലപ്പെട്ടത് തന്നെയാണ്. വാണിജ്യ ചികിത്സയുടെ പാപക്കറ പുരളാതെ വൈദ്യ സേവനം അർഹിക്കുന്നവർക്കു നല്കുന്ന മനുഷ്യ സ്നേഹികളുടെ മുൻകൈകൾ അഭിനന്ദനീയം തന്നെ. എങ്കിലും ആരോഗ്യ രംഗത്തെ പ്രശ്നങ്ങൾ സമഗ്രമായി കാണാതെ രോഗാതുരത കൂട്ടുന്ന സാമൂഹ്യ ചുറ്റുപാടുകൾ അവഗണിച്ചു ഈ പ്രവർത്തനങ്ങൾ മുന്നോട്ടു കൊണ്ടുപോവാനാവുമോ? സാന്ത്വന ചികിത്സക്ക് വലിയ പ്രാധാന്യവും സാമൂഹ്യ ഇടപെടലും സാദ്ധ്യമായതിന്റെ ഒരു ഘടകം ഒരു മതസംഘടന അനുഷ്ഠാനമെന്ന രീതിയിൽ ഈ പ്രശ്നത്തെ ജീവകാരുണ്യ പ്രവർത്തനമായി സ്വീകരിച്ചത് തന്നെയാണ്. അവരുടെ രാഷ്ട്രീയ - സാമൂഹ്യ ഇടപെടലും, നേരത്തെ സുചിപ്പിച്ച വൈദ്യ വ്യവസായ വിധേയത്വം കൂട്ടുന്ന സാമൂഹ്യ പശ്ചാത്തലവും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണം സാദ്ധ്യമാക്കുകയും ചെയ്തു. അധികാര കേന്ദ്രങ്ങളിൽ നിന്നുണ്ടായ ഈ പ്രീണനം പലപ്പോഴും പൊതുജനാരോഗ്യത്തിനുള്ള വിഹിതങ്ങളെ കവർന്നെടുത്തതാണ്.

*(ആരോഗ്യ-സാമൂഹ്യ പ്രവർത്തകൻ )*
കോട്ടയ്ക്കൽ, മലപ്പുറം

● ചർച്ച / പ്രതികരണം

# ജനങ്ങൾ പരിചരണത്തിൽ ശ്രദ്ധിക്കട്ടെ, സർക്കാർ രംഗത്തുണ്ടാകണം

ഡോ. ഫിറോസ് എം.

**പ്രാന്തവൽക്കരിക്കപ്പെട്ട** ജനവിഭാഗത്തിനു മാത്രമേ സാന്ത്വന ചികിത്സ വേണ്ടിവരുകയുള്ളൂ എന്നതിനോട് ഞാൻ യോജിക്കുന്നില്ല. കാരണം അർബുദം പോലെയുള്ള ശരീരത്തെ ദുർബലമാക്കുന്ന അസുഖങ്ങൾക്ക് കൃത്രിമമായ വർഗ്ഗീകരണങ്ങളില്ല എന്നതു തന്നെ.

ഇവിടെ സൂചിപ്പിക്കപ്പെടുന്ന സാമൂഹികവും സാംസ്കാരികവും അതുപോലെയുള്ള മറ്റ് പരിമിതികൾക്ക് സാന്ത്വന ചികിത്സ ഒരു യാഥാർത്ഥ്യമാക്കിത്തീർക്കുന്നതിൽ സുപ്രധാനമായ പങ്കുണ്ടെന്നത് ശരിയായിരിക്കാം. പക്ഷെ അത് വാസ്തവത്തിൽ ഇത്തരത്തിലുള്ള ആരോഗ്യ പരിചരണത്തോടുള്ള സവിശേഷ മാനസികാവസ്ഥയുടെ ഫലമാണ്.

ആധുനിക രോഗനിർണ്ണയ സംവിധാനങ്ങൾക്കും ചികിത്സാപരമായ പ്രസക്തിയെക്കുറിച്ച് സംശയമുള്ളതുമായ മരുന്നുകൾക്കുംവേണ്ടി കോടിക്കണക്കിന് പണം ചെലവഴിക്കുന്നതിന്റെ പുറകിലുള്ള തത്വശാസ്ത്രത്തെയാണ് നാം എതിർക്കേണ്ടത്.

വൈദ്യശാസ്ത്ര സാഹോദര്യത്തേയും മുഴുവൻ കളിയും നിയന്ത്രിക്കുന്ന മരുന്ന് വ്യവസായശൃംഖലയേയും പാഴ്ച്ചിലവിന്റെ പ്രയോജന ശൂന്യതയെക്കുറിച്ചും ഈ ഭീമമായ തുകയുടെ ഒരു നേരിയ അംശം സാന്ത്വന ചികിത്സയ്ക്കുവേണ്ടി ചിലവഴിക്കുന്നതിനെക്കുറിച്ചും ബോദ്ധ്യപ്പെടുത്താൻ കഴിയുകയാണെങ്കിൽ അത് ഈ പ്രസ്ഥാനത്തിന് വലിയ സഹായമായിരിക്കും.

'ലാഭകരമല്ലാത്ത' ഈ ദിശയിലേക്ക് വൈദ്യശാസ്ത്ര വ്യവസായത്തെ തിരിച്ചു നിർത്താനുള്ള ബുദ്ധിമുട്ട് ഞാൻ മനസ്സിലാക്കുന്നു. രാഷ്ട്രീയ ഇച്ഛാശക്തി സമാഹരിക്കുകയെന്നുള്ളതാണ് ഇത് നേടാനുള്ള ഒരു വഴി. പക്ഷെ രാഷ്ട്രീയം 'ഭാഗ്യവശാൽ' വോട്ടിനുവേണ്ടിയും പ്രശസ്തിക്കുവേണ്ടിയുമാണ്. ഏതെങ്കിലും ഒരു പ്രദേശത്ത് ഒരു ശൃംഖല വികസിപ്പിച്ചതിനുശേഷം, ശ്രദ്ധ മുഴുവൻ കേന്ദ്രീകരിക്കപ്പെടേണ്ടത് ഇതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ധനസഹായം നേടുന്നതിലാണ്. ഇത് സാവകാശം സംസ്ഥാന സർക്കാരിന്റെ രംഗപ്രവേശത്തിന് വഴിയൊരുക്കുന്ന രീതിയിൽ വികസിപ്പിച്ചെടുക്കണം.

ഇത്തരം സംരംഭത്തിന്റെ വിജയത്തിൽ ജനകീയ പങ്കാളിത്തത്തിനുള്ള നിർണ്ണായക പങ്ക് ഞാൻ കാണാതിരിക്കുന്നില്ല. വെറും ഒരു രൂപമാത്രം സംഭാവന ചെയ്തുകൊണ്ട് ജനങ്ങൾക്ക് ഇതിന്റെ ഭാഗമാവാം. ഞാൻ ഇവിടെ ഊന്നുന്നത് സംഭാവന നൽകുന്ന ജനങ്ങളുടെ മനോഭാവത്തിലാണ്. സാമ്പത്തികമായി പിന്നോക്കം നില്ക്കുന്ന ഒരു വിഭാഗം ആളുകളോടുള്ള ഔദാര്യമായി അതിനെ കണ്ടുകൂടാ. ജനങ്ങളുടെ പങ്കാളിത്തം സാമ്പത്തികമെന്നതിനേക്കാളേറെ രോഗിയുടെ പരിചരണത്തിന് നല്കുന്ന സമയത്തിലാണ് കാണേണ്ടത്. സർക്കാർ, ചിലവുകളുടെ ഭാരം വഹിക്കട്ടെ. ജനങ്ങൾ യഥാർത്ഥ പരിചരണത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കട്ടെ.

പാത്തോളജി ഡിപ്പാർട്ടുമെന്റ്,
മെഡിക്കൽ കോളേജ്, കോഴിക്കോട്-8



## മഹനീയമായ പാരമ്പര്യം; മഹത്തായ സംസ്കാരം

വൈദ്യരത്നം പി.എസ്.വാരിയരുടെ

## ആര്യവൈദ്യശാല, കോട്ടയ്ക്കൽ

ആരോഗ്യസംരക്ഷണത്തിന് ലോകമിന്ന് ഉറ്റുനോക്കുന്നത് ആയുർവേദത്തിലേക്കാണ്.

കഴിഞ്ഞ നൂറ്റാണ്ടിൽ ആയുർവേദത്തിന്റെ നവോത്ഥാനത്തിന് വഴിതെളിച്ചത് വൈദ്യരത്നം പി.എസ്. വാരിയർ ആണ്.

1902-ൽ അദ്ദേഹം സ്ഥാപിച്ച കോട്ടയ്ക്കൽ ആര്യവൈദ്യശാലയാണ് ലോകഭൂപടത്തിൽ ആയുർവേദത്തെ അടയാളപ്പെടുത്തിയത്.

കോട്ടയ്ക്കൽ, ഡൽഹി, കൊച്ചി എന്നിവിടങ്ങളിൽ ഹോസ്പിറ്റലുകൾ ■ 160 കിടക്കകളുള്ള കോട്ടയ്ക്കലിലെ ചാരിറ്റബിൾ ഹോസ്പിറ്റൽ ■ പഞ്ചകർമ്മ, കേരളാ സ്പെഷ്യൽ ചികിത്സകൾ ■ 20 ബ്രാഞ്ചുകൾ, 1200ൽപ്പരം അംഗീകൃതഡീലർമാർ ■ ച്യവനപ്രാശം, ദശമൂലാരിഷ്ടം, കുങ്കുമാദിതൈലം തുടങ്ങി അഞ്ഞൂറോളം ശാസ്ത്രീയ ഔഷധങ്ങൾ ■ 120 ഡോക്ടർമാർ, 2000 ജീവനക്കാർ ■ ഗവേഷണ-പ്രസിദ്ധീകരണ വിഭാഗങ്ങൾ ■ ഔഷധസസ്യത്തോട്ടങ്ങൾ ■ ഔഷധസസ്യഗവേഷണ കേന്ദ്രം ■ കോട്ടയ്ക്കൽ ആയുർവേദകോളേജിന് സഹായം ■ കഥകളിയുടെ ഉന്നമനത്തിനായി പി.എസ്.വി.നാട്യസംഘം



Vaidyaratnam P.S. Varier's
**ARYA VAIDYA SALA**
(A CHARITABLE TRUST)
**KOTTAKKAL-676503, KERALA**

Tel: (0483) 2742216, Fax: (0483) 2742572/2742210
e-mail:koz_kottakal@sancharnet.in/avsho@sancharnet.in, Web: www.aryavaidyasala.com